# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മടിക്കൈ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-8/871/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 19/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടിക്കൈ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-8/871/2021 തീയ്യതി: 19/01/2022

# കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയരക്ടർ | 24-11-2021 | 01-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 01-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ കെ.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബാബു എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺദേവ് വി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സി പ്രഭാകരൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 13-11-2020 | 30-11-2020 |
| എസ് പ്രീത | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| കെ പി ശശിധരൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മധുസൂധനൻ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| സന്ദൂപ് ചന്ദ്രൻ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ഗണേഷൻ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 10-02-2021 |
| സന്ദൂപ് ചന്ദ്രൻ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-02-2021 | 31-03-2021 |
| അഞ്ജു എസ് | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ബിന്ദു എ ഒ | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| കേശവൻ നമ്പൂതിരി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഗോപി വി | പ്രധാനാദ്ധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.ജിബിൻ ചെറിയാൻ | വെറ്റിനറി സർജ്ജൻ | 01-04-2020 | 29-04-2020 |
| ഡോ.റൂബി അഗസ്റ്റിൻ | വെറ്റിനറി സർജ്ജൻ | 01-05-2020 | 28-02-2021 |
| ഡോ.രേണു കെ രാജ് | വെറ്റിനറി സർജ്ജൻ | 01-03-2021 | 31-03-2021 |
| ഡോ.സെൽമ ജോസി | മെഡിക്കൽഓഫീസർ-PHC | 01-04-2020 | 26-08-2020 |
| ഡോ.മാർക്ക് ജേകബ് മുണ്ടം പള്ളി | മെഡിക്കൽഓഫീസർ-PHC | 27-08-2020 | 21-09-2020 |
| ഡോ.സെൽമ ജോസി | മെഡിക്കൽഓഫീസർ-PHC | 22-09-2020 | 11-10-2020 |
| ഡോ.മാർക്ക് ജേകബ് | മെഡിക്കൽഓഫീസർ- | 12-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| മുണ്ടം പള്ളി | PHC | | |
| ഡോ.സ്വപ്ന കെ എസ് | മെഡിക്കൽഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.വിപിൻരാജ് | മെഡിക്കൽഫീസർ-GHD | 01-04-2020 | 31-03-2021 |
| സുകുമാരൻ.കെ | ഡയറിഫാം ഇൻസ്റ്റക്ടർ | 01-04-2020 | 16-08-2020 |
| വേണുഗോപാൽ പി | ഡയറിഫാം ഇൻസ്റ്റക്ടർ | 17-08-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Arun Dev V.R (Senior Grade Auditor, On 04-01-2022)<br>Last Updated By: Arun Dev V.R (Senior Grade Auditor, On 04-01-2022) | 1-2 |
| 3 | ധനകാര്യ പത്രിക പ്രകാരവും രജിസ്റ്റർ പ്രകാരവുമുള്ള തുകകളിൽ വ്യത്യാസം.<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-12-2021) | 1-2-1 |
| 4 | കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് തുകകൾ യഥാസമയം മാറ്റിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-12-2021) | 1-2-2 |
| 5 | സാമ്പത്തീകവിശകലനം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-5 |
| 8 | തൊഴിലുറപ്പപദ്ധതി<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-12-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Arun Dev V.R (Senior Grade Auditor, On 24-11-2021)<br>Last Updated By: Arun Dev V.R (Senior Grade Auditor, On 24-11-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-10 |
| 13 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-01-2022) | 1-11 |
| 14 | ഇ-പേമെന്റ് തുക ബാങ്കിൽ വരവായി ലഭിച്ചിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-12 |

| | | |
|---|---|---|
| 15 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-13 |
| 16 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - രജിസ്റ്റർ ,അപേക്ഷ എന്നിവ പരിപാലിക്കുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-01-2022) | 1-14 |
| 17 | തൊഴിൽ നികുതി വരുമാനത്തിനനുസൃതമായി ഈടാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-01-2022) | 1-15 |
| 18 | ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-01-2022) | 1-16 |
| 19 | പെർമിറ്റ് - തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-17 |
| 20 | സംയുക്ത പദ്ധതികൾ - മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വർഷങ്ങളായി തുക ബാക്കി നിൽക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 01-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-18 |
| 21 | തുക കൈമാറിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 02-12-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 30-12-2021) | 1-19 |
| 22 | അംഗീകൃത ഗുണഭോക്തൃ പ്പട്ടിക /സാധൂകരണ പട്ടികയില്ലാതെ വ്യക്തിഗത ആനുകൂല്യം അനുവദിച്ചു.<br>Written By: Babu M (Senior Grade Auditor, On 01-12-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 30-12-2021) | 1-20 |
| 23 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-21 |
| 24 | കോവിഡ്-19 പ്രതിരോധ അനുബന്ധ പ്രവർത്തനങ്ങൾ -അപാകത<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-22 |
| 25 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ പദ്ധതി അപാകത<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-23 |
| 26 | മേക്കാട്ട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-24 |
| 27 | എരിക്കുളം പൊതുശ്മശാന വൈദ്യുതികരണത്തിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത്.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-12-2021) | 1-25 |
| 28 | നന്ദംകുഴി പ്രദേശത്തേക്ക് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-26 |

| | | |
|---|---|---|
| 29 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-27 |
| 30 | പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനുമുൻപേ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചു<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 1-28 |
| 31 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 1-29 |
| 32 | ജലജീവൻ മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-30 |
| 33 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-31 |
| 34 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-32 |
| 35 | ടി.ആർ.7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-33 |
| 36 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല.<br>Written By: Jenu Kuriakkose (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-34 |
| 37 | മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-35 |
| 38 | ജി.എസ്.ടി.കോമ്പൻസേഷൻ അനുവദിച്ചത്- നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-36 |
| 39 | മരാമത്ത് പ്രവൃത്തികൾ- മോണിറ്ററിംഗ് റിപ്പോർട്ടുകൾ ലഭ്യമാക്കിയില്ല<br>Written By: Vineeth Kumar K.P (Audit Officer, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-37 |
| 40 | പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -അധിക നിരക്ക് അനുവദിച്ചത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-38 |
| 41 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -അധിക നിരക്ക് അനുവദിച്ചത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 1-39 |
| 42 | മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത കോഴ്സ് - ലാപ് ടോപ്പ് വിതരണം - തുക | 1-40 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | |
| 43 | വിദ്യാർത്ഥികൾക്ക് പത്രം, ബാലമാസിക- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-01-2022) | 1-41 |
| 44 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-42 |
| 45 | പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുന്ന പലിയേറ്റീവ് സൊസൈറ്റിക്ക് ഉപകരണങ്ങൾ വാങ്ങി നൽകി<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -അധിക നിരക്ക് അനുവദിച്ചത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 3-1 |
| 2 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (09/21) -അധിക നിരക്ക് അനുവദിച്ചത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Arun Dev V.R (Senior Grade Auditor, On 06-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കവാൻ അവശേഷിക്കുന്നത്<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 05-12-2021) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 05-12-2021) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 05-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 4-8 |
| 9 | ചാർജ്/ സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 05-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1, 12.03.2020 | 2/1, 15.02.2020 |
| മുന്നിരിപ്പ് | 1403537 | 2423225 |
| വരവ് | 213200419 | 228818807 |
| ആകെ | 214603956 | 231242032 |
| ചെലവ് | 212928746 | 229526675 |
| നീക്കിയിരിപ്പ് | 1675210 | 1715357 |

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ധനകാര്യ പത്രിക പ്രകാരവും രജിസ്റ്റർ പ്രകാരവുമുള്ള തുകകളിൽ വ്യത്യാസം.

A) ലൈസൻസ് ഫീസ് (വളർത്തു നായ / പന്നി)

| ധനകാര്യ പത്രിക പ്രകാരം വരവ് | രജിസ്റ്റർ പ്രകാരം വരവ് |
|---|---|
| 380 | 400 |

അപേക്ഷകരായ ശ്രീ.വി. കുമാരൻ 17/09/2020 ന് രസീത് നമ്പർ 120010101172 പ്രകാരം ഒടുക്കിയ 10 രൂപയും ശ്രീ.രതീഷ് പി.വി 4/12/2020 ന് രസീത് നമ്പർ 120010102638 പ്രകാരം ഒടുക്കിയ 10 രൂപയും തെറ്റായി Other Receipts ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.

B) തൊഴിൽ നികുതി (സ്ഥാപനം/പ്രൊഫഷണൽ/ട്രേഡേഴ്സ്)

| ധനകാര്യ പത്രിക പ്രകാരം വരവ് | രജിസ്റ്റർ പ്രകാരം വരവ് |
|---|---|
| 319820 (262080 + 57740) | 317320 |

തൊഴിൽ നികുതി ഇനത്തിലെ വ്യത്യാസമായ 2500/- രൂപ മടിക്കൈ ഗ്രാമ പഞ്ചായത്ത് വനിത സഹകരണ സംഘം എന്ന സ്ഥാപനം രസീത് നമ്പർ 119010106438 പ്രകാരം 30/03/2020 ൽ ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ ഇത് അഡ്വാൻസിനത്തിലാണ് ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (എൻക്വയറി നമ്പർ 7/26.11.2021 നുള്ള മറുപടി)

### 1-2-2 കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് തുകകൾ യഥാസമയം മാറ്റിയിട്ടില്ല.

2020 – 21 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ പഞ്ചായത്ത് നൽകിയിട്ടുള്ള ചുവടെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുക പിൻവലിച്ചിട്ടില്ല.

| ബാങ്ക് | വൗച്ചർനം | ചെക്ക്നം | തീയതി | തുക |
|---|---|---|---|---|
| മടിക്കൈ സർവ്വീസ് കോ – ഓപ്പറേറ്റീവ് ബാങ്ക് | 22000698 | 4008100 | 23.12.2020 | 4130 |
| | 22000699 | 4008100 | 23.12.2020 | 2500 |
| ആകെ | | | | 6630 |

എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് ബാധ്യതയായി മാറ്റുകയും പകരം ചെക്ക് നൽകുമ്പോൾ ഇതിൽ കുറവുവരുത്തുകയും ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ തിരികെ ലഭിക്കുമ്പോൾ ക്യാൻസൽ ചെയ്യേണ്ടതുമാണ്.

മേൽ തുക 25/11/2021 തീയ്യതിയിലെ 1210000051 നമ്പർ രശീത് പ്രകാരമാണ് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് ബാധ്യതയായി മാറ്റിയിട്ടുള്ളത്.

## 1-3 സാമ്പത്തീകവിശകലനം

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 20523328 |
| വരവ് | 89338367 |
| ആകെ | 109861695 |
| ചെലവ് | 100217251 |
| നീക്കിയിരിപ്പ് | 9644444 |

## 1-4 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 15122377 | 15122377 | 15039795 | 82582 | |
| വികസന ഫണ്ട് എസ്.സി.പി. | 0 | 768373 | 768373 | 746188 | 22185 | |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2643000 | 2643000 | 2420206 | 222794 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 19711000 | 19711000 | 16033797 | 3677203 | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4627716 | 4627716 | 4498506 | 129210 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 17850351 | 17850351 | 14068969 | 3781382 | |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടി മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ് )

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ്% |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 15039795 | 15039795 | 15039795 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 746188 | 746188 | 746188 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2420206 | 2420206 | 2420206 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 16033797 | 16033797 | 16033797 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4498506 | 4498506 | 4498506 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14068969 | 14068969 | 14068969 | 0 | 100 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 | - |
| വിവാഹ ധന സഹായം | 0 | 630000 | 630000 | 630000 | 0 | - |
| നെൽ ഉല്പാദക ബോണസ്സ് | 0 | 0 | 0 | 0 | 0 | - |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 1499000 | 1499000 | 1499000 | 0 | - |

| | | | | | | |
|---|---|---|---|---|---|---|
| TSB സംയുക്ത പദ്ധതി | 2824994 | 0 | 2824994 | 1824994 | 1000000 | - |
| ട്രഷറി TSB ജനറൽ പർപ്പസ് | 1417094 | 10405970 | 11823064 | 10823064 | 1000000 | - |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | |
| തൊഴിലുറപ്പ് പദ്ധതി (ഭരണ ചെലവ്) | 103 | 2140250 | 2140353 | 2129612 | 10741 | - |
| വേതനം & മെറ്റീരീയൽ ചെലവ് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 88356481 | 88356481 | 88356481 | 0 | - |
| വെസ്റ്റേൺ ഘാട്ട് പദ്ധതി | 15956 | 590 | 16546 | 16546 | 0 | - |
| അംഗണവാടി പോഷകാഹാരം | 581154 | 1030694 | 1611848 | 1000000 | 611848 | - |
| ശുചിത്വ മിഷൻ (ഹെഡ് 320100115) | 1411900 | 0 | 1411900 | 1411900 | 0 | - |
| ശുചിത്വ മിഷൻ (ഹെഡ് 320200322) | 1106626 | 2545469 | 3652095 | 3180844 | 471251 | - |
| RGPSA (Office Building) | 1500000 | 0 | 1500000 | 1359331 | 140669 | - |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| സാക്ഷരത | 4392 | 132 | 4524 | 0 | 4524 | |
| ലൈഫ് ഭവന പദ്ധതി (സംസ്ഥാന വിഹിതം) | 0 | 2400000 | 2400000 | 2400000 | 0 | 100 |
| ലൈഫ് ഭവന പദ്ധതി (വായ്പ വിഹിതം) | 0 | 1960000 | 1960000 | 1960000 | 0 | 100 |
| പുലിയനട്ടക്കം ST കമ്മ്യൂണിറ്റി ഹാൾ (വകുപ്പ് വിഹിതം) | 1000000 | 0 | 1000000 | 802642 | 197358 | - |
| ബേബി ഫ്രണ്ട് ലി ടോയിലറ്റ് | 36000 | 0 | 36000 | 0 | 36000 | 0 |
| കൃഷി കൂലി ചെലവ് | 0 | 300000 | 300000 | 0 | 300000 | 0 |
| മറ്റുള്ളവ | | | | | | |
| ഫുട്ബോൾ ഗ്രൗണ്ട് ധനസഹായം – CSR ഫണ്ട് – സോളാർ പാർക്ക് | 1263083 | 317382 | 1580465 | 1263083 | 317382 | |
| റോഡ് നിർമ്മാണം ധനസഹായം – CSR ഫണ്ട് – സോളാർ പാർക്ക് | 6000000 | 0 | 6000000 | 5281324 | 718676 | |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 139951399 | 133 | 82186912 | 42 | 31 | 87.86% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 24 | 10124360 | 24 | 7781759 | 76.86 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 1139700 | 6 | 909456 | 79.79 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 108 | 67188986 | 86 | 47479429 | 70.66 |
| 4 | കൃഷി ഓഫീസർ | 8 | 9614319 | 8 | 3461688 | 36 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 36724619 | 19 | 10220818 | 28 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 4410008 | 10 | 3497695 | 58.72 |

| | | | | | | |
|---|---|---|---|---|---|---|
| 7 | വെറ്റിനറി സർജ്ജൻ | 7 | 3761400 | 7 | 2305600 | 61 |
| 8 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 4 | 1300000 | 4 | 1299552 | 99.96 |
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 610400 | 2 | 273782 | 44.85 |
| 10 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 5 | 1741666 | 4 | 1712036 | 98 |
| 11 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 12 | പ്രധാനാധ്യാപകൻ | 9 | 1146700 | 8 | 1055856 | 92 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1989241 | 2 | 1989241 | 100 |
| | ആകെ | 206 | 139951399 | 182 | 82186912 | 58.72 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 103 | 2140250 | 2140353 | 2129612 | 10741 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 88356481 | 88356481 | 88356481 | 0 |
| ആകെ | 103 | 90496731 | 90496834 | 90486093 | 10741 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 2519 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 510 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 232968 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 1645 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 8985000 | 790 |
| വിധവാപെൻഷൻ | 19002900 | 1509 |
| വാർദ്ധക്യകാല പെൻഷൻ | 16133700 | 1554 |
| വികലാംഗ പെൻഷൻ | 4100400 | 353 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 537800 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 630000 | 21 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2021 തീയ്യതിയിൽ 3.45 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 51716/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

13.10.2021 ലെ ഉത്തരവ് നം.SC2/20(3)/2020 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം പുനക്രമീകരണം നടത്തിയിട്ടുണ്ട്. നിലവിലെ ജീവനക്കാരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 2 |
| 5 | ക്ലാർക്ക് | 4 |
| 6 | ഓഫീസ് അറ്റന്റന്റ് | 1 |
| 7 | ഫുൾടൈം നഴ്സറി ടീച്ചർ | 1 |
| 8 | ഫുൾടൈം നഴ്സറി ആയ | 1 |
| 9 | പാർട്ട്-ടൈം-സ്വീപ്പർ | 1 |
| | ആകെ | 13 |

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

2020-21 വർഷം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) ചേർന്നതിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. ദിവസേനയുള്ള വരവുകൾ തൊട്ടടുത്ത ദിവസം ബാങ്കിൽ ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. (സ്ഥാപനത്തിന്റെ സാമ്പത്തിക

ഇടപാടുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നതിൽ ചില പോരായ്മകൾ ശ്രദ്ധയിപ്പെട്ടിട്ടുണ്ട്. അവ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1.2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. നികുതി നിർണ്ണയം കുറ്റമറ്റതാക്കി, നികുതി പിരിവ് കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവയെല്ലാം നല്ല രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കാനും പുതുതായി സൃഷ്ടിച്ച ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിൽ ചേർത്ത് നിലവിലുള്ളവയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.9.2017 ലെ എം4 / 7253/17 നമ്പർ സർക്കുലറിൽ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ഓഡിറ്റ് മോണിറ്ററിംഗ് സമിതി സജീവമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ സൂക്ഷിച്ചിട്ടുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ലോൺ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്.
ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. യാത്രകൾ സംബന്ധിച്ചും, ഇന്ധനം നിറയ്ക്കൽ , അറ്റകുറ്റപ്പണി എന്നിവയുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.2.21 & 18.02.2021 | 2020 സെപ്തംബർ മുതൽ 2021- ജനവരി വരെ | 18.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | -- | - |

## 1-11 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. മടിക്കൈ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 436849/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഒടുക്കിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | നമ്പ്യാർത്തടം കുരുടിൽ റോഡ് പുനരുദ്ധാരണം | 6477 |
| 2 | ബങ്കളം പകൽവീട് നിർമ്മാണം | 2535 |
| 3 | മണിമുണ്ട കുടിവെള്ള പദ്ധതി | 1289 |
| 4 | എരിക്കുളം ശ്മശാനം പുനരുദ്ധാരണം | 4580 |
| 5 | മടിക്കൈ ആയുർവേദ ആശുപത്രി പുനരുദ്ധാരണം | 4024 |
| 6 | മടിക്കൈ ആയുർവേദ ആശുപത്രി പുനരുദ്ധാരണം | 4044 |
| 7 | ബങ്കളം പകൽവീട് നിർമ്മാണം | 6027 |
| 8 | കൊളങ്ങാട് കുറുവളപ്പ്റോഡ് റീടാറിംഗ് | 889 |
| 9 | ബങ്കളം തെക്കൻ ബങ്കളം എം.എൽ.എ റോഡ് ടാറിംഗ് | 2392 |
| 10 | മേക്കാട്ട് പൂത്തക്കാൽ ഇ.എം.എസ് വായനശാല റോഡ് ടാറിംഗ് | 3049 |
| 11 | മുത്തപ്പൻത്തറ കൊഡറക്കാവ് വാഴക്കോട് റോഡ് ടാറിംഗ് | 10090 |
| 12 | കണ്ടുകുട്ടിച്ചാൽ അംഗണവാടി കുടിവെള്ള പദ്ധതി | 1572 |
| 13 | പൂത്തക്കാൽ സ്കൂൾ കുടിവെള്ള പദ്ധതി | 1795 |
| 14 | കൊളങ്ങാട് പെരളം റോഡ് ടാറിംഗ് | 4823 |
| 15 | ചെമ്പിലോട്ട് ചെട്ടിക്കുണ്ട് റോഡ് ടാറിംഗ് | 4430 |
| 16 | മേക്കോട്ട് മോക്കാട്ടുകുന്ന കുടുംബശ്രീ ട്രയിനിംഗ് സെന്റർ റോഡ് ടാറിംഗ് | 4228 |
| 17 | ഇ.എം.എസ് ലൈബ്രറി പുനരുദ്ധാരണം | 305 |
| 18 | മേക്കാട്ട് ചാളക്കടവ് പൂത്തക്കാൽ റോഡ് പുനരുദ്ധാരണം | 9838 |
| 19 | കണിച്ചിറ നാദക്കോട്ട് റോഡ് കൾവർട്ട് നിർമ്മാണം | 6287 |
| 20 | മേക്കാട്ട് ചാളക്കടവ് പൂത്തക്കാൽ റോഡ് പുനരുദ്ധാരണം | 916 |
| 21 | പൂത്തക്കാൽ ചാർത്തങ്കാൽ എരിക്കുളം റോഡ് പുനരുദ്ധാരണം | 6314 |
| 22 | വിവിധ അംഗണവാടി റിപ്പയർ | 6065 |
| 23 | എരിക്കുളം ശ്മശാനം നവീകരണം | 18101 |
| 24 | കാനത്തുമൂല അങ്കണവാടി പുനരുദ്ധാരണം | 1310 |
| 25 | എരിക്കുളം ശ്മശാനം പൊതു ടോയിലറ്റ് നിർമ്മാണം | 3642 |
| 26 | എരുക്കുളം ചാർത്തങ്കാൽ കോളിക്കുന്ന് റോഡ് പുനരുദ്ധാരണം | 4418 |
| 27 | മുണ്ടോട്ടുകാവ് വെള്ളാച്ചേരി റോഡ് ടാറിംഗ് | 4285 |
| 28 | വെള്ളാച്ചേരി പാറ ഗ്രൗണ്ട് നിർമ്മാണം | 8181 |
| 29 | പട്ടുത്തുമൂല ഗ്രൗണ്ട് നിർമ്മാണം | 7930 |
| 30 | പേരൂർ അഞ്ചാം മൈൽ റോഡ് ടാറിംഗ് | 2698 |
| 31 | നാടാർകുന്ന് ചിറക്കര റോഡ് ടാറിംഗ് | 6121 |
| 32 | മലപ്പച്ചേരി കോട്ടക്കുന്ന് ഉമിച്ചി റോഡ് ടാറിംഗ് | 6846 |
| 33 | ചാർത്തങ്കൽ ചാളക്കടവ് റോഡ് പുനരുദ്ധാരണം | 6006 |
| 34 | എരിക്കുളം ഒളയത്ത് റോഡ് | 3562 |
| 35 | നാടാർക്കുന്ന് കക്കാട്ട് സ്ഥാനം റോഡ് പുനരുദ്ധാരണം | 2386 |
| 36 | മേക്കാട്ട് മോക്കാട്ടുകുന്ന കുടുംബശ്രീ ട്രയിനിംഗ് സെന്റർ റോഡ് ടാറിംഗ് | 1498 |
| 37 | പൂത്തക്കാൽ ചാർത്തങ്കാൽ എരിക്കുളം റോഡ് പുനരുദ്ധാരണം | 13473 |
| 38 | കൊളങ്ങാട് കുറുവളപ്പ് റോഡ് പുനരുദ്ധാരണം | 6155 |
| 39 | അമ്പലത്തറ നാദക്കോട്ട് അമ്പലം റോഡ് ടാറിംഗ് | 7099 |
| 40 | കൊളങ്ങാട് പെരളം വയൽറോഡ് ടാറിംഗ് | 7592 |
| 41 | ഗവ.എൽ.പി.സ്കൂൾ എരിക്കുളം (ആലംപാടി) പുനരുദ്ധാരണ പ്രവൃത്തി | 3589 |
| 42 | കക്കാട് നാടാർകുന്ന് റോഡ് റീടാറിംഗ് | 3028 |
| 43 | കാലിച്ചാംപൊതി മിനി സ്റ്റേഡിയം റിപ്പയർ | 3000 |

| | | |
|---|---|---|
| 44 | ചാളക്കടവ് ആയുർവേദ ആശുപത്രി പുനരുദ്ധാരണം | 952 |
| 45 | എരിക്കുളം ശ്മശാനം വൈദ്യുതീകരണം | 880 |
| 46 | ചാർത്താങ്കാൽ എരിക്കുളം റോഡ് പുനരുദ്ധാരണം | 13542 |
| 47 | അരയങ്ങാനം പള്ളം റോഡ് ടാറിംഗ് | 4796 |
| 48 | പടിത്തടം റോഡ് റീടാറിംഗ് | 2404 |
| 49 | കാലിച്ചാംപൊതി മിനി സ്റ്റേഡിയം ടോയിലറ്റ് നിർമ്മാണം | 4458 |
| 50 | കാലിച്ചാമരം മുതിരക്കോട് റോഡ് ടാറിംഗ് | 4633 |
| 51 | കാടങ്കോട് വലിയതടം കാനായി റോഡ് ടാറിംഗ് | 5164 |
| 52 | ചെരണത്തല സ്കൂൾ പുനരുദ്ധാരണം | 5988 |
| 53 | കോട്ടപ്പാറ അങ്കക്കളരി റോഡ് റീടാറിംഗ് | 3558 |
| 54 | നെടുംഉട്ടുപ്പ് എസ്.ടി കോളനി നടപ്പാത നിർമ്മാണം | 2765 |
| 55 | കരിന്തടം കണ്ണിപ്പാറ ആഴക്കുളം അമ്പലംറോഡ് കൾവർട്ട് നിർമ്മാണം | 2035 |
| 56 | കൊടത്താമ്പള്ളി ആലയി റോഡ് റീടാറിംഗ് | 335 |
| 57 | കാര്യക്കുന്ന് തലക്കാനം റോഡ് റീടാറിംഗ് | 3104 |
| 58 | കോളിക്കുന്ന് ആലക്കളം റോഡ് റീടാറിംഗ് | 2743 |
| 59 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം | 9381 |
| 60 | മണിമുണ്ട കുടിവെള്ള പദ്ധതി | 440 |
| 61 | നെടുംഉടിപ്പ് എസ്.ടി കോളനി കുടിവെള്ള പദ്ധതി | 446 |
| 62 | കൈയുള്ളകൊച്ചി പള്ളം റോഡ് ടാറിംഗ് | 24572 |
| 63 | എരിക്കുളം ശ്മശാനം പുനരുദ്ധാരണം | 3658 |
| 64 | കുട്ടപ്പുന്ന കുടിവെള്ള പദ്ധതി | 315 |
| 65 | ഗവ.എൽ.പി സ്കൂൾ കീക്കാംകോട്ട് ടോയിലറ്റ് നിർമ്മാണം | 2344 |
| 66 | മൈത്തടം കാരാക്കോട് റോഡ് റീടാറിംഗ് | 22582 |
| 67 | ഗവ.യു.പി സ്കൂൾ പൂത്തക്കാൽ ടോയിലറ്റ് നിർമ്മാണം | 4347 |
| 68 | ഗവ.എൽ.പി സ്കൂൾ ചെർണത്തല ടോയിലറ്റ് നിർമ്മാണം | 2335 |
| 69 | മടിക്കൈ വെറ്ററിനറി ആശുപത്രി | 2191 |
| 70 | ചതുരകിണർ ബങ്കളം റോഡ് പുനരുദ്ധാരണം | 2084 |
| 71 | തെക്കൻബങ്കളം മുത്തപ്പൻത്തറ റോഡ് റീടാറിംഗ് | 5142 |
| 72 | ഗവ.എൽ.പി സ്കൂൾ വാഴക്കോട് പുനരുദ്ധാരണം | 3335 |
| 73 | ആലയി വയൽ റോഡ് കൾവർട്ട് | 3195 |
| 74 | മേക്കാട്ട് വാനിയമൂല റോഡ് റീടാറിംഗ് | 4103 |
| 75 | മുത്തപ്പൻത്തറ കൊടറക്കാവ് റോഡ് റീടാറിംഗ് | 3993 |
| 76 | പൂത്തക്കാൽ എരിക്കുളം ചാർത്തങ്കൽ റോഡ് പുനരുദ്ധാരണം -2 | 4096 |
| 77 | മേക്കാട്ട് ചാളക്കടവ് പൂത്തക്കാൽറോഡ് കൾവർട്ട് വൈഡനിംഗ് | 11995 |
| 78 | അട്ടക്കാട്ട് റോഡ് ഡ്രൈനേജ് നിർമ്മാണം | 5136 |
| 79 | ചാളക്കടവ് തലയത്ത് റോഡ് പുനരുദ്ധാരണം | 2660 |
| 80 | മോക്കാട്ടുകുന്നു കുടുംബശ്രീ ട്രെയിനിംഗ് സെന്റർ റോഡ് ടാറിംഗ് | 3564 |
| 81 | ഗവ.യു.പി. സ്കൂൾ മടിക്കൈ, ആലമ്പാടി ടോയിലറ്റ് നിർമ്മാണം | 4212 |
| 82 | കാനായി കോതോട്ടുപാറ റോഡ് ടാറിംഗ് | 6538 |
| 83 | മുത്തപ്പൻത്തറ കൊടറക്കാവ് വാഴക്കോട് റോഡ് ടാറിംഗ് | 5753 |
| 84 | കാടങ്കോട്ട് കാനായി റോഡ് ടാറിംഗ് | 1355 |
| 85 | തെക്കൻ ബങ്കളം രക്തേശ്വരി ക്ഷേത്രം റോഡ് ടാറിംഗ് | 1430 |
| 86 | മടിക്കൈ പഞ്ചായത്ത് വനിതാ കാന്റീൻ പുനരുദ്ധാരണം | 1570 |
| 87 | മലപ്പച്ചേരി പകൽവീട് നിർമ്മാണം | 4929 |
| 88 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 18902 |

| | |
|---|---|
| ആകെ | 436849 |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 4368/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-12 ഇ-പേമെന്റ് തുക ബാങ്കിൽ വരവായി ലഭിച്ചിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ എസ്.ബി.റ്റി. ഇ -പെയ്മെന്റ് അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 119060900092 | 18.12.2019 | 2011 |
| 2 | 119060900070 | 13.11.2019 | 693 |
| 3 | 119060900071 | 13.11.2019 | 188 |
| 4 | 119060900072 | 13.11.2019 | 368 |
| 5 | 119060900073 | 13.11.2019 | 386 |
| 6 | 119060900074 | 13.11.2019 | 760 |
| 7 | 119060900075 | 13.11.2019 | 2098 |
| 8 | 119060900077 | 13.11.2019 | 419 |
| 9 | 119060900079 | 14.11.2019 | 1140 |
| 10 | 119060900080 | 16.11.2019 | 4167 |
| 11 | 119060900081 | 18.11.2019 | 996 |
| 12 | 119060900082 | 19.11.2019 | 2479 |
| 13 | 119061000001 | 20.11.2019 | 1435 |
| 14 | 119060900083 | 21.11.2019 | 1442 |

| | | | |
|---|---|---|---|
| 15 | 119060900084 | 23.11.2019 | 845 |
| 16 | 119060900085 | 24.11.2019 | 191 |
| 17 | 119060900086 | 25.11.2019 | 2905 |
| 18 | 119060900087 | 26.11.2019 | 561 |
| 19 | 119060900088 | 27.11.2019 | 1355 |
| 20 | 119060900089 | 28.11.2019 | 356 |
| 21 | 119060900090 | 29.11.2019 | 661 |
| 22 | 119060900091 | 30.11.2019 | 514 |
| 23 | 119060900061 | 15.10.2019 | 1206 |
| 24 | 119060900062 | 15.10.2019 | 1574 |
| 25 | 119060900063 | 15.10.2019 | 46 |
| 26 | 119060900064 | 30.10.2019 | 73 |
| 27 | 119060900065 | 30.10.2019 | 756 |
| 28 | 119060900066 | 30.10.2019 | 1408 |
| 29 | 119060900067 | 30.10.2019 | 641 |
| 30 | 119060900068 | 30.10.2019 | 306 |
| 31 | 119060900069 | 30.10.2019 | 1378 |
| 32 | 119060900058 | 30.9.2019 | 1001 |
| 33 | 119060900059 | 30.9.2019 | 692 |
| 34 | 119060900060 | 30.9.2019 | 22 |
| 35 | 119060900141 | 2.3.2020 | 1908 |
| ആകെ | | | 36981 |

ഇത്തരത്തിൽ 2019 സെപ്റ്റംബർ മുതലുള്ള തുകകൾ ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല. മേൽ തുകകൾ സഞ്ചയയിൽ ഇ-പേമെന്റ് കാണിച്ചിട്ടുള്ളതിനാൽ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകത ഐ.കെ.എം -ൽ നിന്നും പരിഹരിച്ചു നൽകേണ്ടതാണെന്നും ആയത് പരിഹരിച്ചു നൽകുന്നതിനായി കംപ്ലയിന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 3/ 25.11.2021 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. 11.01.2021 ൽ R.NO 193668 പ്രകാരം കംപ്ലയിന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയായി തുക ക്രെഡിറ്റായിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട തുക ഇത്തരത്തിൽ ക്രെഡിറ്റാകാതെ നിൽക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതും തുക പൂർണ്ണമായും അക്കൗണ്ടിൽ ലഭിക്കുന്നതിനുള്ള തുടർ നടപടിയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-13 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം

ബാലൻസ് ഷീറ്റ് B7 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് ഇനത്തിൽ വർഷങ്ങളായി അവശേഷിക്കുന്നു.

| ക്രമ നം | ഇനം | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി. (340100101) | 74526 | 74526 | 74526 | 74526 | 74526 | 74526 | 74526 |
| 2 | സപ്ലൈയേഴ്സ് ഇ.എം.ഡി. (340100102) | 9900 | 8500 (9900+ 3600- 5000) | 8500 | 9520 (8500+ 1020) | 9520 | 9520 | 9520 |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി. (340100103) | - | - | 1600 | 1600 | 7600 (1600+ 6000) | 7600 | 7600 |
| 4 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100201) | 9157 | 9157 | 9157 | 9157 | 9157 | 9157 | 9157 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | കോൺട്രാക്ടേഴ്സ് റീടെൻഷൻ (340100301) | 17200 | 998561 (17200+ 981361) | 1025429 (998561+ 26868) | 942728 (1025429- 82701) | 942728 | 901804 (942728- 40924) | 901804 |
| 6 | മറ്റ് ഡെപ്പോസിറ്റുകൾ (340200199) | - | 18500 | 18500 | 18500 | 18500 | 18500 | 18500 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ച വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്.

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/ 25.11.2021 ന് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് അടുത്ത ഭരണ സമിതി യോഗത്തിലേക്ക് അജണ്ട തയ്യാറാക്കിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - രജിസ്റ്റർ ,അപേക്ഷ എന്നിവ പരിപാലിക്കുന്നില്ല

1) 1.1.2005 ലെ സ.ഉ (എം.എസ്.) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ.(കൈ)നം 106/17/തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശ പ്രകാരം ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

A) കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്തഭടൻമാർക്ക് / വിമുക്തഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രേത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിട നികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

B) ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ക്രമ പ്രകാരം ഈടാക്കേണ്ടതുമാണ്.

ഇത്തരത്തിൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

2) ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് വർഷങ്ങളായി നികുതി ഇളവ് നൽകികൊണ്ടിരിക്കുന്നു. അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പേര് | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/ 147A | എ.ആർ.സുരേഷ് കുമാർ | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 2 | 1/ 160A3 | വിനോദ് കുമാർ. ജി.വി | 2020-21 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 5/ 454A1 | ചിത്രൻ കെ.സി | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 6/ 463 | അപ്പ്യാൽ ഹരീന്ദ്രൻ | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 7/ 50 | ഉണ്ണികൃഷ്ണൻ എ. | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 10/ 256 | ഗോവിന്ദൻ പി. | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 12/ 108 | നാരായണൻ പി. | 2013-14 ഒന്നാം അർദ്ധവർഷം മുതൽ |

സഞ്ചയ സോഫ്റ്റ് വെയറിൽ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ തുടർ വർഷത്തേക്കും നികുതി ഡിമാന്റിൽ നിന്നും ഒഴിവാകുകയാണ് ഉണ്ടാകുന്നത്. തുടർ വർഷങ്ങളിൽ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലെങ്കിലും റിവോക്ക് ചെയ്യാതെ വന്നാൽ നികുതിയിൽ നിന്നും ഒഴിവാകുന്നതായി കാണുന്നു.

അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കാത്തതിനാൽ കൃത്യമായും റിവോക്ക് ചെയ്യാതെ ഇളവ് നൽകുന്നതിന് കാരണമാകുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

1-15 തൊഴിൽ നികുതി വരുമാനത്തിനനുസൃതമായി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ചുവടെ പറയുന്നവയിൽ നിന്നും തൊഴിൽ നികുതി വരുമാനത്തിനനുസൃതമായി ഈടാക്കിയിട്ടില്ല.

1) 2020-21 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന പ്രകാരം കുറവുണ്ട്.

| ജീവനക്കാരന്റെ പേര് / സ്ഥാപനം | പത്രിക പ്രകാരം അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|
| മഹേഷ് ലാൽ പി.പി.<br>(ഗവ.ഇൻഡസ്ട്രിയൽ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) | 127254 | 1250 | 1000 | 250 |
| സന്തീപ്കുമാർ ടി.വി.<br>(ഗവ.ഇൻഡസ്ട്രിയൽ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) | 126344 | 1250 | 1000 | 250 |

2) “BESCOAT” എന്ന സ്ഥാപനം സാമ്പത്തിക വർഷം ഹാജരാക്കിയിട്ടുള്ള പത്രികകളിൽ ആകെ അർദ്ധവർഷ വരുമാനം കണക്കാക്കിയതിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

A) ഒന്നാം അർദ്ധവർഷം

| ക്രമ നം. | പേര് | മാസ വരുമാനം | അർദ്ധ വർഷ ബോണസ് | അർദ്ധ വർഷ വരുമാനം (പത്രിക പ്രകാരം) | അർദ്ധ വർഷ വരുമാനമായി കണക്കാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | കരുണാകരൻ എം. | 19850 | 0 | 33083 (4/20 To 6/20 & 9/20) | 79400 |

| | | | | | |
|---|---|---|---|---|---|
| 2 | കുമാരൻ റ്റി. | 21555 | 5880 | 124175 | 135210 |
| 15 | കല്യാണം ആയം കോട്ട് റോഡ് കോൺക്രീറ്റ് | മടിക്കൈ സർവ്വീ സ് കോ -ഓപ്പറേ റ്റീവ് ബാങ്ക് | 1,47,600 | 138200/ 27.06.2020 | 2952 |
| | | | 2,15,688 | 7800/ 08.04.2020 | 4314 |
| 16 | മൂടംകടൽ വൈനിംങ്ങാൽ റോഡ് കോൺക്രീറ്റ് | മടിക്കൈ സർവ്വീ സ് കോ- ഓപ്പറേ റ്റീവ് ബാങ്ക് | 2,15,688 | 7776/ 08.04.2020 | 4314 |
| | | | 83,600 | 756522/ 19.01.2021 | 1672 |
| | | | 64,000 | 7696/ 08.04.2020 | 1280 |
| 17 | മേക്കാട്ട് പൂത്തക്കാൽ റോഡ് കോൺക്രീറ്റ് | മടിക്കൈ സർവ്വീ സ് കോ -ഓപ്പറേ റ്റീവ് ബാങ്ക് | 2,05,416 | 192283/ 19.01.2021 | 4108 |
| | | | 1,15,312 | 192284/ 19.01.2021 | 2306 |
| | | | | ആകെ | 87806 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/01-12-2021) മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആയതിനാൽ ആദായ

നികുതിയിനത്തിലെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

1-35 മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

ചെക്ക് നം.5090034/09-07-2020 – 1,50,000/-രൂപ

വൗച്ചർ നം.22000296/13-07-2020

മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വ ശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 03.05.2013 ലെ 22963/ഡി.സി.1/2013/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വ ശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പ്രാഥമിക ഘട്ടമായി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, കുടുംബശ്രീ മെമ്പർമാർ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യദായക വളണ്ടിയർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആശാ വർക്കർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ഏപ്രിൽ നാലാം വാരത്തിനു മുമ്പ് മാലിന്യ പ്രശനങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, വെള്ളം കെട്ടി നില്ക്കുന്ന ടാങ്കുകൾ എന്നിങ്ങനെയുള്ള അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇതിനായി സമൂഹത്തിലെ എല്ലാ തട്ടിലേയും ജനങ്ങളേയും ഉൾപ്പെടുത്തി വാർഡ് തലത്തിൽ ശുചിത്വ കൂട്ടായ്മ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, വാർഡ് തല ശുചിത്വ മാപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച്, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി രൂപീകരിച്ചതിനു ശേഷമാണ് പദ്ധതി ആരംഭിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതെയാണ് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ പഞ്ചായത്തിൽ നടപ്പാക്കിയത്. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ 2020 ഒക്ടോബർ, 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഓട വൃത്തിയാക്കൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയ പത്രികകൾ, വേതനം നൽകിയവരുടെ പേര്, തുക അനുവദിച്ച് തരുന്നതിന് ജെ.എച്ച്.ഐ.മാർ,നൽകുന്ന അപേക്ഷകൾ എന്നിവ മാത്രമാണുള്ളത്. മഴക്കാല പൂർവ്വ ശുചീകരണം 2020

ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്. അതിനനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. മടിക്കൈ ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകൾക്ക് മേൽ വൗച്ചറുകൾ പ്രകാരം ആകെ 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർക്ക് വാർഡുകളിലെ സാനിറ്റേഷൻ സമിതികൾക്ക് വേണ്ടി മേക്കാട്ട് വിജയ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഈ തുക കൈമാറുകയാണ് ചെയ്തത്. എന്നാൽ ആകെ സമർപ്പിച്ച 15 വാർഡുകളിലെ മസ്റ്റർ റോൾ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണം നടത്തിയത് 2020 ഒക്ടോബർ, 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്, മഴക്കാല പൂർവ്വ ശുചീകരണത്തിന് സരക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാതെ 2020 ഒക്ടോബർ, 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തുക കൈപ്പറ്റിയ വാർഡ് കമ്മിറ്റി കൺവീനർമാർ | ശുചീകരണപ്രവൃത്തികൾ നടത്തിയ മാസം |
|---|---|---|---|
| 1 | - | I | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 2 | 06/2020-21 | II | 2021 ഫെബ്രുവരി 15 |
| 3 | 40/2020-21 | III | 2021 മാർച്ച് 01 |
| 4 | 05/2020-21 | IV | 2021 ഫെബ്രുവരി 8,9,10 |
| 5 | 03/2020-21<br>08/2020-21 | V | 2020 ഒക്ടോബർ 20,21<br>2021 ഫെബ്രുവരി 28 |
| 6 | 04/2020-21 | VI | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| 7 | 02/2020-21<br>03/2020-21<br>04/2020-21<br>05/2020-21 | VII | 2021 ജനുവരി 14,15<br>2021 ഫെബ്രുവരി 5<br>2021 ഫെബ്രുവരി 18<br>2021 ഫെബ്രുവരി 19,20 |
| 8 | 01/2020-21 | VIII | 2021 ഫെബ്രുവരി 19,20 |
| 9 | 03-2020-21 | IX | 2020 സെപ്തംബർ 7,8,9 |
| 10 | 07/2020-21 | X | 2021 മാർച്ച് 20,21 |
| 11 | 09/2020-21 | XI | 2021 ജനുവരി 12,13,14,15 |
| 12 | 06/2020-21 | XII | 2021 മാർച്ച് 6,7 |

| | | | |
|---|---|---|---|
| 13 | - | XIII | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 14 | 14/2020-21 | XIV | 2021 ഫെബ്രുവരി 17,18 |
| 15 | - | XV | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

ഓരോ വാർഡിലും ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം

| വാർഡ് നമ്പർ | വാർഡുകളിലേക്ക് ചെലവഴിക്കാൻ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 10,000 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 10,000 |
| 9 | 10,000 | 4,550 | 5,450 |
| 13 | 10,000 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 10,000 |
| 14 | 10,000 | 6,800 | 3,200 |
| 15 | 10,000 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 10,000 |

ഓഡിറ്റ് എൻക്വയറി നം.22/ 30.11.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മഴക്കാലങ്ങളിൽ പടർന്നു പിടിക്കുന്ന മാരക രോഗങ്ങൾ അനിവാര്യമായി നിയന്ത്രിതമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ അനുവദിക്കുന്ന തുക നിർദ്ദേശിച്ച രീതിയിൽ ചെലവഴിക്കാതെ വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 1,13,15 എന്നീ വാർഡുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും, വാർഡ് നമ്പർ 9,14 എന്നിവയിൽ മുഴുവൻ തുകയും ചെലവഴിക്കാൻ അവശേഷിക്കുന്നതിനാലും മഴക്കാല പൂർവ്വ ശുചീകരണം പ്രവർത്തനങ്ങൾ വേണ്ടി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ അപാകതൾ പരിഹരിക്കുന്നതുവരെ ചെലവ് തുക.1,50,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-36 ജി.എസ്.ടി.കോമ്പൻസേഷൻ അനുവദിച്ചത്- നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല

01.11.2017 ലെ സ.ഉ.(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/ PLA/ /EMP/1014/ (A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ.(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി.)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം

ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി. കോമ്പൻസേഷൻ |
|---|---|---|
| 1 | മണിമുണ്ട കുടിവെള്ള പദ്ധതി (പ്രോജക്ട് നം 0171/21) | 15473 |
| 2 | മുത്തപ്പൻതറ കൊടറക്കാവ് വാഴക്കോട് റോഡ് ടാറിംഗ് (പ്രോജക്ട് നം 0130/21) | 1,21,079 |
| 3 | മേക്കാട്ട് പൂത്തക്കാൽ ഇ.എം.എസ്. വായനശാല കക്കാട്ട് സ്ഥാനം റോഡ് ടാറിംഗ് (പ്രോജക്ട് നം 0139/21) | `91,655 |
| 4 | മടിക്കൈ ഗവ.ആയുർവേദാസ്പത്രി ഇംപ്രൂവ്മെന്റ് (പ്രോജക്ട് നം- 0141/21) | 96,812 |
| 5 | മേക്കാട്ട് മേക്കാട്ടുകുന്ന് കുടുംബശ്രീ ട്രെയിനിംഗ് സെന്റർ റോഡ് ടാറിംഗ് ( പ്രോജക്ട് നം- 0078/21) | 50,773 |
| 6 | മേക്കാട്ട് ചാളക്കടവ്-പൂത്തക്കാൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (പ്രോജക്ട് നം 0157/21)) | 1,18,059 |
| 7 | പൂത്തക്കാൽ ചാർത്താങ്കാൽ എരിക്കുളം റോഡ് അഭിവൃദ്ധിപ്പെടുത്തൽ- രണ്ടാം ഘട്ടം (പ്രോജക്ട് നം 0169/21) | 49,152 |

| | | |
|---|---|---|
| 8 | എരിക്കുളം ചാർത്താങ്കാൽ കോളിക്കുന്ന് റോഡ് പുനരുദ്ധാരണം (പ്രോജക്ട് നം 0215/21) | `53,015 |
| 9 | എരിക്കുളം പൊതുശ്മശാനം പൊതുകക്കൂസ് (പ്രോജക്ട് നം 0212/21) | 43,708 |
| 10 | കക്കാട്ട് നാടാർകുന്ന് റോഡ് റീടാറിംഗ് (പ്രോജക്ട് നം 0056/21) | 36,333 |
| 11 | കണ്ണിപ്പാറ അഴകുളം അമ്പലം റോഡിൽ കരിന്തടത്ത് കൾവർട്ട് നിർമ്മാണം (പ്രോജക്ട് നം 0103/21) | 24,417 |
| 12 | കൊടത്താമ്പള്ളി ആലയിറോഡ് റീടാറിംഗ് (പ്രോജക്ട് നം 0041/21) | 40,207 |
| 13 | കാര്യക്കുന്ന് തലക്കാനം റോഡ് റീടാരിംഗ് (പ്രോജക്ട് നം 0083/21) | 37,251 |
| 14 | കയ്യുള്ള കൊച്ചി പള്ളം റോഡ് ടാറിംഗ്(പ്രോജക്ട് നം 0219/21) | 2,94,868 |
| 15 | GLPS വാഴക്കോട് നവീകരണം (പ്രോജക്ട് നം 0029/21) | 40,019 |

1-37 മരാമത്ത് പ്രവൃത്തികൾ- മോണിറ്ററിംഗ് റിപ്പോർട്ടുകൾ ലഭ്യമാക്കിയില്ല

16-11-2017തീയതിയിലെ സ.ഉ. (എം.എസ്.) നം.224/2017 ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടതും പ്രോജക്ട് നിർവ്വഹണത്തിനുശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുമാണ്. ഈ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 2020-21 വർഷം മടിക്കൈ ഗ്രാമ പഞ്ചായത്തിൽ വിവിധ പ്രോജക്ടുകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഫയലിൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകൾ ലഭ്യമാക്കുകയുണ്ടായില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | ബിൽ റഫറൻസ് നമ്പർ | ബിൽ ഗ്രോസ് തുക ₹ |
|---|---|---|---|
| 1 | ഇ.എം.എസ്. ലൈബ്രറി കെട്ടിടം പെയിന്റിംഗ് (പ്രോജക്ട് നം 0153/21) | 0/8.5.2020 | 34,196 |

| | | | |
|---|---|---|---|
| | | | |
| 2 | മേക്കാട്ട് ചാളക്കടവ് പൂത്തക്കാൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (പ്രോജക്ട് നം 0157/21) | 19200352009401482951/ 13.3.2020 | 11,01,884 |
| 3 | കണിച്ചിറ നാഥക്കോട്ട് റോഡ് കൽവർട്ട് നിർമ്മാണം (പ്രോജക്ട് നം 0167/21) | 19200352009400197654/ 25.5.2020 | 628656 |
| 4 | മേക്കാട്ട് ചാളക്കടവ് പൂത്തക്കാൽ റോഡ് ഇംപ്രൂവ്മെന്റ് രണ്ടാംഘട്ടം (പ്രോജക്ട് നം 0155/21) | 20200352009400194957/ 25.5.2020 | 102565 |
| 5 | വിവിധ അംഗൻവാടികൾ റിപ്പേർ ( പ്രോജക്ട് നം 0166/21) | 19200352009401176280/ 30-1-2020 | 606544 |
| 6 | പുളിയനട്ടക്കം കമ്മ്യൂണിറ്റി ഹാൾ റിപ്പയർ (പ്രോജക്ട് നം 0173/21) | 0/11-6-2020 | 802642 |
| 7 | കാനത്തുമൂല അംഗൻവാടി സൗകര്യം വർദ്ധിപ്പിക്കൽ (പ്രോജക്ട് നം 0217/21) | 20200352009400443676/ 19-8-2020 | 146758 |
| 8 | എരിക്കുളം ചാർത്താങ്കാൽ കോളിക്കുന്ന് റോഡ് പുനരുദ്ധാരണം (പ്രോജക്ട് നം 0215/21) | 20200352009400443685/ 19-8-2020 | 494810 |
| 9 | എരിക്കുളം പൊതുശ്മശാനം പൊതു കക്കൂസ് (പ്രോജക്ട് നം 0212/21) | 20200352009400444170/ 19-8-2020 | 407939 |
| 10 | മുണ്ടോട്ട്കാവ് വെള്ളാച്ചേരി റോഡ് ടാറിംഗ് (പ്രോജക്ട് നം 0155/21) | 20200352009400331332/ 20-5-2020 | 479918 |
| 11 | വെള്ളാച്ചേരി പാറയിൽ ഗ്രൗണ്ട് നിർമ്മാണം (പ്രോജക്ട് നം 0190/21) | 0/9-10-2020 | 818106 |
| 12 | പേരൂല് അഞ്ചാം മൈൽ റോഡ് ടാറിംഗ് (പ്രോജക്ട് നം 0151/21) | 0/16-10-2020 | 269812 |
| 13 | എരിക്കുളം ഗവ. എൽപി സ്കൂൾ (ആലമ്പാടി) നവീകരണം (പ്രോജക്ട് നം 0030/21) | 20200352009401102093/ 17-2-2021 | 401913 |
| 14 | നാടാർകുന്ന് ചിറക്കര റോഡ് ടാറിംഗ് (പ്രോജക്ട് നം 0168/21) | 20200352009400742092/ 25-5-2020 | 685590 |
| 15 | മേക്കാട്ട് മേക്കാട്ടുകുന്ന് കുടുംബശ്രീ ട്രെയിനിംഗ് സെന്റർ (പ്രോജക്ട് നം 0216/21) | 20200352009401000747/ 28-1-2021 | 167794 |
| 16 | കാലിച്ചാംപൊതി മിനി സ്റ്റേഡിയ ത്തിൽ സ്ത്രീ വികലാംഗ പൊതു കക്കൂസ് (പ്രോജക്ട് നം 0165/21) | 0/6-2-2021 | 445762 |
| 17 | മടിക്കൈ പഞ്ചായത്ത് മെറ്റീരിയൽ സംഭരിക്കുന്ന കേന്ദ്രം നിർമ്മാണം (പ്രോജക്ട് നം 0198/21) | 19200352009400037867/ 5-4-2019 | 363342 |
| 18 | കൂട്ടപ്പുന്ന അങ്കക്കളരി റോഡ് റീടാറിംഗ് (പ്രോജക്ട് നം 0058/21) | 20200352000401154887/ 25-2-2021 | 398458 |
| 19 | മലപ്പച്ചേരി പകൽവീട് (പ്രോജക്ട് നം 0114/21) | 20200352009401179888/ 3-3-2021 | 126803 |
| 20 | നെടുംഉടുപ്പ് എസ്. ടി. കോളനി നടപ്പാത നിർമ്മാണം (പ്രോജക്ട് നം 0257/21) | 20200352009401252428/ 15-3-2021 | 309682 |
| 21 | മണിമുണ്ട കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും പൈപ്പ്ലൈൻ ദീർഘിപ്പിക്കലും (പ്രോജക്ട് നം 0171/21) | 0/7-1-2021 | 49280 |

| | | | |
|---|---|---|---|
| 22 | നെടുംതുടുപ്പ് എസ് ടി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രോജക്റ്റ് നം 0172/21) | 0/7-1-2021 | 49907 |
| 23 | GLPS ചെരണത്തല ടോയ്ലറ്റ് സൗകര്യം (പ്രോജക്റ്റ് നം 0202 /21) | 0/29-3-2021 | 235864 |
| 24 | GUPS പൂത്തക്കാലിൽ ടോയ്ലറ്റ് നിർമ്മാണം (പ്രോജക്റ്റ് നം 0232 /21) | 0/29-3-2021 | 486829 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/30-11-2021) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-38 പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -അധിക നിരക്ക് അനുവദിച്ചത്

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണം ചെയ്ത പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (0010/21) എന്ന പദ്ധതിയിൽ ലാപ് ടോപ്പ് വാങ്ങുന്നതിന് കൂടിയ നിരക്ക് അനുവദിച്ചതു വഴി ₹ 14,749 രൂപയുടെ നഷ്ടമുണ്ടായി. വിശദാംശങ്ങൾ ഖ.3-1 ൽ ചേർത്തിരിക്കുന്നു.

1-39 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -അധിക നിരക്ക്

അനുവദിച്ചത്

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണം ചെയ്ത പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (0009/21) എന്ന പദ്ധതിയിൽ ലാപ് ടോപ്പ് വാങ്ങിയതിന് കൂടിയ നിരക്ക് അനുവദിച്ചതു വഴി ₹ 10,535 രൂപയുടെ നഷ്ടമുണ്ടായി. വിശദാംശങ്ങൾ ഖ.3-2 ൽ ചേർത്തിരിക്കുന്നു.

1-40 മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത കോഴ്സ് - ലാപ് ടോപ്പ് വിതരണം - തുക തടസ്സപ്പെടുത്തുന്നു

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (0010/21) പദ്ധതി പ്രകാരം ലാപ് ടോപ്പുകൾ അനുവദിച്ച ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.സുബിൻ ബി (S/o: Binu K, കൊട്ടുവന), പട്ടം താണുപിള്ള മെമ്മോറിയൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ DEl Ed (Diploma In ElementaryEducation) കോഴ്സ് ചെയ്യുന്നതായാണ് അപേക്ഷയിൽ നിന്നും അനുബന്ധ രേഖകളിൽ നിന്നും കാണുന്നത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം (GO (Ms) No: 22/2018/ LSGD/ 14.02.2018) പോളി ടെക്നിക്, കമ്പ്യൂട്ടർ സയൻസ് എന്നിവയിലെ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിലും പുതിയ ഡിപ്ലോമ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഗുണഭോക്താവിന് ലാപ് ടോപ്പിന് അർഹതയുണ്ടെന്ന് സൂചിപ്പിക്കുന്ന സർക്കാർ നിർദ്ദേശങ്ങളുണ്ടെങ്കിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 31 (തിയതി-01.12.2021) മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ ഗുണഭോക്താവിന് വേണ്ടി വിനിയോഗിച്ച ₹ 27,460/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു ( 29567/- രൂപയാണ് ഒരു ലാപ് ടോപ്പിന് ചെലവഴിച്ചതെങ്കിലും അധികം നൽകിയ 2,107 രൂപയുടെ (29,567 - 27,460) ചെലവ് ഖണ്ഡിക നം.3.1 പ്രകാരം നിരാകരിച്ചിട്ടുള്ളതാണ് ) .

1-41 വിദ്യാർത്ഥികൾക്ക് പത്രം, ബാലമാസിക- ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

വിദ്യാർത്ഥികൾക്ക് പത്രം, ബാലമാസിക (0135/21- സ്പിൽ ഓവർ) എന്ന പദ്ധതി വഴി പഞ്ചായത്ത് പ്രദേശത്തെ 8 സ്കൂളുകളിൽ (ജി.എച്ച്.എസ്. കാഞ്ഞിരപൊയിൽ (8), ജി.എച്ച്.എസ്.എസ്. കക്കാട്ട് (8), ജി.എൽ.പി.എസ്. കീക്കാംകോട്ട് (4), ജി.എൽ.പി.എസ്. വായക്കോട് (0), ജി.യു.പി.എസ്.പൂത്തക്കാൽ (7), ജി.എച്ച്.എസ്.എസ്. മടിക്കൈ (8), ജി.യു.പി.എസ്. ആലമ്പാടി (7), ജി.എൽ.പി.എസ്. മലപ്പച്ചേരി (4)) ദേശാഭിമാനി ദിനപത്രം നൽകിയിട്ടുണ്ട് (ഓരോ സ്കൂളിലേക്കും വിതരണം ചെയ്ത പത്രങ്ങളുടെ എണ്ണം ബ്രാക്കെറ്റിൽ കൊടുത്തിരിക്കുന്നു). ഈ പത്രങ്ങളുടെ വിലയായി ബിൽ നം.01/2020-21 / 24.04.2020 പ്രകാരം ₹69,100/- ദേശാഭിമാനി പബ്ലിക്കേഷൻസിന് നൽകിയിട്ടുണ്ട്. എന്നാൽ പത്രസ്ഥാപനം സമർപ്പിച്ച ബിൽ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും, സ്കൂളുകളിലേക്ക് പത്രം വിതരണം നടത്തുന്നതിനായുള്ള ഈ പ്രത്യേക പ്ലാനിന്റെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാലും, ചെലവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ ഈ പദ്ധതിക്കായി വിനിയോഗിച്ച ₹69,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി -31 (തിയതി-01.12.2021)

1-42 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ

കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖ, അനുബന്ധ ഉത്തരവുകൾ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വേണ്ടത്ര ഉത്തരവാദിത്തം പുലർത്തിയിട്ടില്ല. കൂലിചെലവ് നൽകുന്നതുമായി ബന്ധപ്പെട്ട തരിശു കൃഷി (0179/21), തരിശു ഭൂമിയിൽ പച്ചക്കറി കൃഷി (0150/21), സമഗ്ര തെങ്ങ് കൃഷി വികസനം (0016/21) തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) കൂലിച്ചെലവ് നൽകുന്ന പദ്ധതികളിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

3)കൂലിചെലവ് ഇനത്തിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നവർക്ക് മറ്റ് ഏതെങ്കിലും സ്കീം പ്രകാരം ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള വസ്തുത ഉറപ്പു വരുത്തിയിട്ടില്ല.

4) തരിശുഭൂമി, കൃഷിയോഗ്യമായ തരിശാണെന്നും, തരിശു ഭൂമിയിലെ ആദ്യ കൃഷിയാണെന്നുമുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രമില്ല.

5) തരിശു ഭൂമി കൃഷിയിലും പാട്ടകൃഷി നടത്തുമ്പോഴും സ്ഥല ഉടമയും, കൃഷി ചെയ്യുന്നവരും നിർവഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ധനസഹായം ലഭിച്ചിട്ടുള്ളവർ ഇത്തരത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല.

6) വിള ഇൻഷ്വറൻസ് ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

7) സമഗ്ര തെങ്ങ് കൃഷി വികസനം (0016/21) ലെ ഗുണഭോക്താക്കളിൽ ഏതാനും പേരുടെ തെങ്ങുകളുടെ എണ്ണം, വാങ്ങിയ വളത്തിന്റെ അളവ്, വില എന്നിവ സമാനമാണെങ്കിലും. ഇവർക്ക് അനുവദിച്ച സബ്സിഡിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്.

## 1-43 പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുന്ന പലിയേറ്റീവ് സൊസൈറ്റിക്ക് ഉപകരണങ്ങൾ വാങ്ങി നൽകി

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവഹണം ചെയ്ത പാലിയേറ്റീവ് പരിപാലനം ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്ട് നം.0027/2021) പദ്ധതി അനുസരിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (BRN 1439524/ 30.03.21 : 1,54,450 രൂപയും, BRN 1441451/ 30.03.21 : 45,550 രൂപയും). ഈ തുക ഉപയോഗിച്ച് കാഞ്ഞങ്ങാട് ഭാരതീയ ജൻ ഔഷധിയിൽ നിന്നും വാങ്ങിയ ഉപകരണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു (ജൻ ഔഷധിയുടെ ബിൽ നം. 85/ 29.03.21, 86/ 30.03.21 പ്രകാരം).

| ക്രമ നം | ഉപകരണം | എണ്ണം |
|---|---|---|
| 1 | വീൽ ചെയർ (ഫോൾഡിങ്) | 8 |
| 2 | വാക്കർ (ഫോൾഡിങ്) | 20 |

| | | |
|---|---|---|
| 3 | വാട്ടർ ബെഡ് | 10 |
| 4 | എയർ ബെഡ് | 9 |
| 5 | ഓക്സിജൻ കോൺസെൻട്രേറ്റർ | 1 |
| 6 | എൽബോ സ്റ്റിക് | 5 |
| 7 | കമ്മോഡ് ചെയർ | 10 |
| 8 | ബാക്ക് റെസ്റ്റ് | 2 |
| 9 | ട്രൈപോഡ് വാക്കിങ് സ്റ്റിക് | 5 |
| 10 | ഹോട്ട് വാട്ടർ ബാഗ് | 2 |

പഞ്ചായത്തിൽ പ്രവർത്തനസജ്ജമായ ഒരു ഹോംകെയർ ടീം ഉണ്ടെന്നിരിക്കെ , ഈ ഉപകരണങ്ങൾ മടിക്കൈ പാലിയേറ്റീവ് കെയർ സൊസൈറ്റി എന്ന സ്വതന്ത്ര സ്ഥാപനത്തിന് അനുവദിക്കുകയാണുണ്ടായതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഈ സൊസൈറ്റിയും പഞ്ചായത്ത് പരിധിയിലാണ് പ്രവർത്തനം നടത്തുന്നത്. അതായത് സൊസൈറ്റിയും പഞ്ചായത്തിലെ ഹോംകെയർ ടീമും പ്രവർത്തിക്കുന്നത് ഒരേ ഗുണഭോക്താക്കൾക്കിടയിലാണ്. ഈ ഉപകരണങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ ആരാണെന്ന് വ്യക്തമാക്കിയില്ല. എല്ലാ ഉപകരണങ്ങളുടെയും സ്റ്റോക്ക് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34 , തിയതി 01.12.2021) മറുപടി നൽകിയിട്ടില്ല.

പഞ്ചായത്തിൽ കാര്യക്ഷമമായ ഹോംകെയർ സംവിധാനം ഉണ്ടായിട്ടും, മറ്റൊരു സ്ഥാപനത്തിന് ആസ്തി സൃഷ്ടിക്കുന്നതിനായി വികസന ഫണ്ട് വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. ഉപകരണങ്ങളുടെ സ്റ്റോക്കിന്റെ വിശദാംശങ്ങളോ, കൈപ്പറ്റിയതിന്റെ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യമാണ്. ചെലവ് തുകയായ ₹200000/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് -അധിക നിരക്ക് അനുവദിച്ചത്

നിർവ്വഹണോദ്യോഗസ്ഥൻ –ഹെഡ്മാസ്റ്റർ

ബിൽ നം .05/2020-21/27.03.2021, തുക : 2,00,800 (ടി.എസ്.പി. ഫണ്ട്)

ചെക്ക് നം.4008328 / 24.03.2021, തുക : 6,169 (തനത് ഫണ്ട്)

ആകെ ചെലവ് : ₹ 2,06,969/-

2020-21 വർഷത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (10/21) എന്ന പദ്ധതിയിലൂടെ ഏഴ് ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്. ഇവ കെൽട്രോൺ വഴിയാണ് വാങ്ങിയിട്ടുള്ളത്. ഉബണ്ടു (UBUNTU) ഓപ്പറേറ്റിങ് സിസ്റ്റമായിട്ടുള്ള (IT @ School Gnu Linux 18.04) ഏസർ (ACER) കമ്പനിയുടെ ലാപ് ടോപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ DA1/ 363/ 2019/ LSGD Dtd:20.01.2020 , DA1/ 153/ 2020/ LSGD Dtd: 07.09.2020 എന്നീ സർക്കുലറുകൾ പ്രകാരം വിദ്യാർത്ഥികൾക്കായി (പട്ടിക ജാതി /പട്ടിക വർഗ്ഗം / ഫിഷർമെൻ) CPRCS പോർട്ടലുകളിൽ നിന്നും വാങ്ങി നൽകുന്ന ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ നിശ്ചയിച്ചിട്ടുണ്ട്. ഒന്നാമത്തെ പരാമർശിത സർക്കുലർ പ്രകാരം UBUNTU Based മിഡിൽ ലെവൽ ലാപ് ടോപ്പിന് ₹ 22,895 , Windows 10 Home Based മിഡിൽ ലെവൽ ലാപ് ടോപ്പിന് ₹ 27772 രൂപയാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. തുടർന്ന് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ GO(Rt) No:34/2021/ITD Dtd:19.02.2021 പ്രകാരം നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം സർവ്വീസ് പ്രൊവൈഡറുടെ ഫീസും മറ്റെല്ലാ നികുതികളും ഉൾപ്പടെ UBUNTU Based മിഡിൽ ലെവൽ ലാപ് ടോപ്പിന്റെ നിരക്ക് ₹ 27,460/- , Windows 10 Home Based മിഡിൽ ലെവൽ ലാപ് ടോപ്പിന്റെ നിരക്ക് 28,404/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

എന്നാൽ കെൽട്രോണിന്റെ 16.03.2021 ലെ ഇൻവോയിസ് നം. ITP/11580/ 2020-21 പ്രകാരം ഏഴ് ലാപ് ടോപ്പുകൾ, ₹ 29,567 നിരക്കിലാണ് നൽകിയിട്ടുള്ളത്. ഇതിനായി ആകെ ₹ 2,06,969 വിനിയോഗിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ മേൽ പറഞ്ഞ ഉത്തരവിൽ സൂചിപ്പിച്ചതിനേക്കാളും ₹ 2,107 (29,567 - 27,460) അധികമായി ഒരു ലാപ് ടോപ്പിന് അനുവദിച്ചു. ഇപ്രകാരം ഏഴ് ലാപ് ടോപ്പുകൾക്കായി ആകെ ₹ 14,749 (2107 X 7) അധികമായി അനുവദിച്ചു.

അധികമായി അനുവദിച്ച ₹ 14,749 ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -31 തിയതി-01.12.2021)

## 3-2 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (09/21) -അധിക നിരക്ക് അനുവദിച്ചത്

നിർവ്വഹണോദ്യോഗസ്ഥൻ –ഹെഡ്മാസ്റ്റർ

ബിൽ നം .06/2020-21/27.03.2021, തുക : 1,37,706 (എസ്.സി.പി. ഫണ്ട്)

ചെക്ക് നം.4008328 / 24.03.2021, തുക : 10,129 (തനത് ഫണ്ട്)

ആകെ ചെലവ് : ₹ 1,47,835/-

2020-21 വർഷത്തിൽ നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (09/21) എന്ന പദ്ധതിയിലൂടെ അഞ്ച് ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്.ഇവ കെൽട്രോൺ വഴിയാണ് വാങ്ങിയിട്ടുള്ളത്. ഉബണ്ടു (UBUNTU) ഓപ്പറേറ്റിങ് സിസ്റ്റമായിട്ടുള്ള (IT @ School Gnu Linux 18.04) ഏസർ (ACER) കമ്പനിയുടെ ലാപ് ടോപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ DA1/363/ 2019/ LSGD Dtd: 20.01.2020 , DA1/ 153/2020/ LSGD Dtd: 07.09.2020 എന്നീ സർക്കുലറുകൾ പ്രകാരം വിദ്യാർത്ഥികൾക്കായി (പട്ടിക ജാതി/ പട്ടിക വർഗ്ഗം /ഫിഷർമെൻ) CPRCS പോർട്ടലുകളിൽ നിന്നും വാങ്ങി നൽകുന്ന ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ നിശ്ചയിച്ചിട്ടുണ്ട്. ഒന്നാമത്തെ പരാമർശിത സർക്കുലർ പ്രകാരം UBUNTU Based മിഡിൽ ലെവൽ ലാപ് ടോപ്പിന് ₹ 22,895 , Windows 10 Home Based മിഡിൽ ലെവൽ ലാപ് ടോപ്പിന് 27772/- രൂപയുമാണ് നിരക്ക്

നിർണ്ണയിച്ചിട്ടുള്ളത്. തുടർന്ന് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ GO(Rt) No:34/2021/ITD Dtd:19.02.2021 പ്രകാരം നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം സർവ്വീസ് പ്രൊവൈഡറുടെ ഫീസും മറ്റെല്ലാ നികുതികളും ഉൾപ്പടെ UBUNTU Based മിഡിൽ ലെവൽ ലാപ് ടോപ്പിന്റെ നിരക്ക് ₹ 27,460 , Windows 10 Home Based മിഡിൽ ലെവൽ ലാപ് ടോപ്പിന്റെ നിരക്ക് ₹ 28,404 എന്നമാണ് നിശ്ചയിച്ചിട്ടുള്ളത്.

എന്നാൽ കെൽട്രോണിന്റെ 16.03.2021 ലെ ഇൻവോയിസ് നം. ITP/11549/2020-21 പ്രകാരം അഞ്ച് ലാപ് ടോപ്പുകൾ, ₹ 29,567 നിരക്കിലാണ് നൽകിയിട്ടുള്ളത്. ഇതിനായി ആകെ ₹ 1,47,835 വിനിയോഗിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ മേൽ പറഞ്ഞ ഉത്തരവിൽ സൂചിപ്പിച്ചതിനേക്കാളും ₹ 2,107 (29,567 - 27,460) അധികമായി ഒരു ലാപ് ടോപ്പിന് അനുവദിച്ചു. ഇപ്രകാരം അഞ്ച് ലാപ് ടോപ്പുകൾക്കായി ആകെ ₹ 10,535 (2107 X 5) അധികമായി അനുവദിച്ചു.

അധികമായി അനുവദിച്ച ₹ 10,535 ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -31 തിയതി-01.12.2021)

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ /തീയ്യതി |
|---|---|---|
| 2020-21 | 24-11-2021 & 25-11-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 414452 | അങ്കണവാടി പോഷകാഹാരം | 414452 | 0 |
| | 2020-21 | 600000 | പാലിന് സബ്സിഡി | 600000 | 0 |
| | 2020-21 | 200000 | മലപ്പച്ചേരി പകൽവീട് | 200000 | 0 |
| | 2020-21 | 250000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 1000000 | എരിക്കുളം പൊതു ശ്മശാനം നവീകരണം | 1000000 | 0 |
| | 2020-21 | 484930 | നെൽകൃഷി വികസന പദ്ധതി | 484930 | 0 |
| | 2020-21 | 444641 | ലൈഫ് ഭവന പദ്ധതി (ടി.എസ്.പി.) | 444641 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | പാലിയേറ്റീവ് കെയർ പ്രൊജക്ട് | 100000 | 0 |
| | 2020-21 | 700000 | പാലിന് സബ്സിഡി | 700000 | 0 |
| | 2020-21 | 500000 | മലപ്പച്ചേരി പകൽവീട് | 500000 | 0 |
| | 2020-21 | 200000 | ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2020-21 | 160257 | പാലിന് സബ്സിഡി | 160257 | 0 |
| | 2020-21 | 100000 | ലൈഫ് രണ്ടാംഘട്ടം തുക നല്കൽ | 100000 | 0 |
| | 2020-21 | 326808 | ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 326808 | 0 |
| | 2020-21 | 98400 | തരിശുകൃഷി | 98400 | 0 |
| | 2020-21 | 40000 | ലൈഫ് ഭവന പദ്ധതി-(എസ്.സി.പി.) | 40000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം/ബിൽ . നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ലഭ്യമല്ല | 3074560 | 0 | 3074560 |
| കേരള ജല അതോറിറ്റി | ജലജീവൻ മിഷൻ | ലഭ്യമല്ല | 4298000 | 0 | 4298000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1960000/- രൂപ വരവുണ്ട്. മുൻബാക്കി 8775539/-രൂപയടക്കം ആകെ 10735539/- രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | സ. ഉ. (എം. എസ്.) നം.2278 തസ്വഭവ തീ. | 3910245 | 8775539 +1960000 (തൻവർഷം വരവ്) = 10735539 | 1212960 | 0 | 9522579 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മൃഗ സംരക്ഷണ ക്ഷീരവികസന മേഖലയും അവലോകന റിപ്പോർട്ട് 2014-15 | - | 2014-15 | 5-1-9 | മൃഗാശുപത്രി മരുന്ന് നല്കാൻ പദ്ധതി ഇല്ല. (പേജ്.94) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2014-15 | 5-1-12 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2015-16 | 2-3,2-4 | 2016-17 | അധ്യായം.2 | തൊഴിൽ നികുതി | ഗ്രാമ പഞ്ചായത്ത് വിശദമായ മറുപടി |

| | | | | | |
|---|---|---|---|---|---|
| | | | അനുബന്ധം 5 | പരാമർശങ്ങൾ | ലഭ്യമാക്കിയിട്ടുണ്ട്. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. |

4-9 ചാർജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 89338367 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 100217251 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,284 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹61,62,816 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 14,749 | ഗോപി.വി., പ്രധാനാദ്ധ്യാപകൻ |
| 3-2 | | 10,535 | ഗോപി.വി., പ്രധാനാദ്ധ്യാപകൻ |
| ആകെ | | 25,284 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,67,397 | ഡോ.വിപിൻരാജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-20 | 8,47,682 | മധുസൂധനൻ. വി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 40,129 | കെ .പി. ശശിധരൻ, സെക്രട്ടറി |
| 1-24 | 2,82,600 | കെ .പി. ശശിധരൻ, സെക്രട്ടറി |
| 1-25 | 51,087 | കെ .പി. ശശിധരൻ, സെക്രട്ടറി |
| 1-26 | 1,74,400 | കെ .പി. ശശിധരൻ, സെക്രട്ടറി |
| 1-27 | 7,421 | കെ .പി. ശശിധരൻ, സെക്രട്ടറി |
| 1-29 | 75,000 | കെ .പി. ശശിധരൻ, സെക്രട്ടറി |
| 1-30 | 42,98,000 | കെ .പി. ശശിധരൻ, സെക്രട്ടറി |
| 1-35 | 150000 | ഡോ.സെൽമ ജോസി, മെഡിക്കൽ ഓഫീസർ (PHC) |
| 1-41 | 69,100 | ഗോപി.വി., പ്രധാനാദ്ധ്യാപകൻ |
| ആകെ | 61,62,816 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗോപി.വി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്.പൂത്തക്കാൽ | ഗോപി.വി, ആയില്യം, അതിയാമ്പൂർ, കാഞ്ഞങ്ങാട്, കാസറഗോഡ് |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | നം. LF/KSD.5/61/98 തീയ്യതി 6-11-1998 | 6 |
| 1997-1998 | നം.LF/KSD.6/242/12തിയതി.16-04-2012 | 4 |
| 1999-00 | നം. LF/KSD.4/359/02 തിയതി.15-11-02 | 1 |
| 2002-03 | നം. LF/KSD.3/254/11 തിയതി.5-07-11 | 11 |
| 2003-04 | നം. LF/KSD.3/255/11തിയതി.5-07-11 | 2 |
| 2004-05 | നം. LF/KSD.6/245/12 തിയതി.16-04-12 | 3 |
| 2005-06 | നം. LF/KSD.6/246/12തിയതി.28-05-12 | 3 |
| 2006-07 | നം. LF/KSD.4/938/11 തിയതി.07-08-12 | 7 |
| 2007-08 | നം. LF/KSD.6/239/12 തിയതി.11-09-12 | 8 |
| 2008-09 To 2010-11 | നം. LF/KSD.8/238/13 തിയതി.26-03-13 | 21 |
| 2011-2012 | നം. LF/KSD.8/775/13 തിയതി.22-02-14 | 10 |
| 2012-13 To 2013-14 | നം. LF/KSD.9/274/15 തിയതി.11-08-15 | 8 |
| 2014-15 | നം. LF/KSD.8/738/16 തിയതി.19-07-16 | 9 |

| | | |
|---|---|---|
| 2015-16 | നം. LF/KSD.8/4/17 തിയതി.5-01-17 | 12 |
| 2016-17 | നം. KSA/KSD.8/636/17 തിയതി.12-06-17 | 11 |
| 2017-18 | നം. KSA/KSD.8/1360/18 തിയതി.11-12-18 | 30 |
| 2018-19 | നം. KSA/KSD.8/783/19 തിയതി.14-08-19 | 20 |
| 2019-20 | നം. KSA/KSD.5/202/21 തിയതി.27-03-21 | 29 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Madikai Grama Panchayat

INCOME & EXPENDITURE STATEMENT

For the period from01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4596052.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 55000.00 |
| 140000000 | Fee & User Charges | I-4(b) | 577847.00 |
| 150000000 | Sale & Hire Charges | I-5(b) | 188607.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 212040062.00 |
| 171000000 | Interest Earned | I-8 | 523115.00 |
| 180000000 | Other Income | I-9 | 108214.00 |
| | Total Income | | 218088897.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8890375.00 |
| 220000000 | Administrative Expenses | I-11(b) | 1133400.00 |
| 230000000 | Operations & Maintenance | I-12(b) | 1272582.00 |
| 240000000 | Interest & Finance Charges | I-13 | 773.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8100311.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 111018280.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6760661.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 148278.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 50888800.00 |
| 255000000 | Maintenance Projects | I-14(e) | 18754135.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1263083.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 272000000 | Depreciation | I-17(a) | 94586.00 |
| | Total Expenditure | | 208355264.00 |
| | Gross Surplus/ Deficit of income over Expenditure | | 9733633.00 |
| 280000000 | Prior Period Item | I-18 | -675298.50 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10408931.50 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Madikai Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20523328.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1131300.00 |
| 140000000 | Fees & User Charges | RP-4 | 477607.00 |
| 150000000 | Sale & Hire Charges | RP-5 | 188607.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70032707.00 |
| 171000000 | Interest Earned | RP-9 | 523115.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9926644.00 |
| 350000000 | Other Liabilities | RP-36 | 358300.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 108214.00 |
| 311000000 | Earmarked Funds | RP-29 | 20000.00 |
| 330000000 | Secured Loans | RP-32 | 1960000.00 |
| 340000000 | Deposits Received | RP-34 | 45500.00 |
| 350000000 | Other Liabilities | RP-36 | 1045177.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3521196.00 |
| | Grand total | | 109861695.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2320999.00 |
| 220000000 | Administrative Expenses | RP-12 | 1133400.00 |
| 230000000 | Operations & Maintenance | RP-13 | 1272582.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8100311.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18098916.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6760661.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 148278.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 2129000.00 |
| 255000000 | Maintenance Projects | RP-20 | 18754135.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1263083.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | -8736.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 633840.00 |
| 350000000 | Other Liabilities | RP-36 | 4787303.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 773.00 |
| 311000000 | Earmarked Funds | RP-29 | 15000.00 |
| 340000000 | Deposits Received | RP-34 | 18000.00 |
| 350000000 | Other Liabilities | RP-36 | 2221665.00 |
| 410000000 | Fixed Assets | RP-38 | 18401187.00 |
| 412000000 | Capital work in Progress | RP-40 | 1989570.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4155062.00 |
| 440000000 | Pre-paid Expenses | RP-45 | 1960000.00 |
| 460000000 | Loans, Advances and Deposits | RP-47 | 6032222.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9617163.00 |
| Cash | Cash | RP-40(b) | 27281.00 |

| | | |
|---|---|---|
| | Grand Total | 109861695.00 |

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

Madikai Grama Panchayat

BALANCE SHEET

As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4977911.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5000.00 |
| 312000000 | Reserves | B-3 | 91338339.00 |
| | Total Reserve & Surplus | | 96321250.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7171209.00 |
| | Total Grants, Contributions for Specific Purposes | | 7171209.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9522579.00 |
| | Total Loans | | 9522579.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1094607.00 |
| 350000000 | Other Liabilities | B-9 | 1234692.00 |
| | Total Current Liabilities and Provisions | | 2329299.00 |
| | TOTAL LIABILITIES | | 115344337.00 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 120131115.00 |
| 411000000 | Accumulated Depreciation | B-11 | -37623111.00 |
| 412000000 | Capital Work in Progress | B-11(a) | 1460363.00 |
| | Total Fixed Assets | | 83968367.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4155062.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 9522579.00 |
| 450000000 | Cash and Bank Balance | B-17 | 9644444.00 |
| 460000000 | Loans, Advances and Deposits | B-18 | 8053885.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 31375970.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 115344337.00 |